
കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# ദൈവം സകലതും സൃഷ്ടിച്ചപ്പോൾ



എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus
Alastair Paterson

അംഗീകരിച്ചത് : Bob Davies; Tammy S.

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org


©2020 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ആരാണ് നമ്മളെ സൃഷ്ടിച്ചത്? ദൈവവചനമായ ബൈബിൾ മനുഷ്യ ന്റെ സൃഷ്ടിയെകുറിച്ചു പറയുന്നു. ദൈവം ഒന്നാമത്തെ മനുഷ്യനെ സൃഷ്ടിച്ചു അവനു ആദാം എന്നു പേരിട്ടു ഭൂമിയിൽ നിന്നുള്ള പൊടിയിൽ നിന്നും മനുഷ്യനെ ദൈവം സൃഷ്ടിച്ചു അവന്റെ മൂക്കിൽ ജിവശ്വസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായി തിർന്നു.


മനോഹരമായ ഏദെൻ തോട്ടത്തിൽ മനുഷ്യൻ ജിവിച്ചു.



ആദാമിനെ ഉണ്ടാകുന്നതിനു മുൻപേ ഈ മനോഹരമായ ഭൂമി ഉണ്ടാക്കി. ദൈവം പടിപടിയായി മലകള്, പുല്പ്രദേശം, ആകാശം, സുഗന്ധമുള്ള പുല്ല്പ്രദേശം, വലിയമരങ്ങള്, വലിയ ചിറകുള്ള പക്ഷികള്, മൂളുന്ന തേനിച്ചകള്, വലിയ തിമിംഗലം, ഒച്ചുകൾ എല്ലാംദൈവം സൃഷ്ടിച്ചു.




ആദിയിൽ ദൈവം എന്തെങ്കിലും
സൃഷ്ടിക്കുന്നതിൻ മുൻപ്
ദൈവമല്ലാതെ മറ്റൊന്നും
ഉണ്ടായിരുന്നില്ല. മനുഷനോ
വസ്തുക്കളോ സ്ഥലമോ
ഇല്ലായിരുന്നു മുകൾ
ഭാഗമോ താഴെ
ഭാഗമോ, ഇന്നലെയോ,
നാളെയോ ഇല്ലായിരുന്നു
ആരംഭമില്ലാത്തതായ
ദൈവം മാത്രം. അതിനു
ശേഷം ദൈവം പ്രവർത്തിച്ചു.




ആദിയിൽ ദൈവം
ആകാശവും ഭൂമിയും
സൃഷ്ടിച്ചു.


ഭൂമി പാഴായും ശൂന്യമായും
ഇരുന്നു; ആഴത്തിന്മേൽ
ഇരുൾ ഉണ്ടായിരുന്നു.
ദൈവം കൽപിച്ചു
വെളിച്ചം
ഉണ്ടാകട്ടെ.



വെളിച്ചം ഉണ്ടായി ദൈവം വെളിച്ചത്തെ പകൽ എന്നും ഇരുളിനെ രാത്രി എന്നും വിളിച്ചു. സന്ധ്യയായി, ഉഷസ്സുമായി ഒന്നാം ദിവസം.



രണ്ടാം ദിവസം. വിതാനത്തിനു കീഴെയുള്ള വെള്ളവും മീതെയുള്ള വെള്ളവും തമ്മിൽ വേർതിരിച്ചു; രണ്ടാം ദിവസം. ഉണങ്ങിയ നിലംകാണട്ടെ അങ്ങനെ സംഭവിച്ചു.



ദൈവം കൽപിച്ചു പുല്ലും വിത്തുള്ള ചെടികളും അതതുതരം
വൃക്ഷങ്ങളും മുളച്ചുവരട്ടെ; അങ്ങനെ സംഭവിച്ചു.
സന്ധ്യയായി, ഉഷസ്സുമായി
മൂന്നാം ദിവസം.




ശേഷം ദൈവം സൂര്യനേയും ചന്ദ്രനേയും
ഉണ്ടാക്കി എണ്ണുവാൻ കഴിയാതവെണ്ണം
നക്ഷത്രങ്ങളെയും സൃഷ്ടിച്ചു
സന്ധ്യയായി, ഉഷസ്സുമായി
നാലാം ദിവസം.




ജലജന്തുക്കൾ, മീന്,
പക്ഷികൾ എന്നിവയേയും
ദൈവം സൃഷ്ടിച്ച അഞ്ചാം
ദിവസം. വലിയ മീനുകളും
ചെറിയമീനുകളേയും
കാൽ നിളമുള്ള ഒട്ടകപക്ഷികളേയും
വെള്ളത്തിൽ വസിക്കുന്ന
സകലത്തിനേയും
ആകാശത്തിൽ പറന്ന
എല്ലാത്തരം പക്ഷികളേയും ദൈവം
ഉണ്ടാക്കി സന്ധ്യയായി, ഉഷസ്സുമായി
അഞ്ചാം ദിവസം.



അതിന്ന ശേഷം ദൈവം വിണ്ടും കൽപിച്ചു. ഭ്രമിയിൽ നിന്ന്
അതതുതരം ജീവജന്തുക്കൾ ഉണ്ടാകട്ടെ എല്ലാത്തരം ജന്തുക്കൾ,
പ്രാണികൾ ഇഴജന്തുക്കളും‌ഉണ്ടായി ഭൂമിയേ കുലുക്കുന്ന ആനകൾ
തിരക്കുള്ള നിർനായ, അച്ചടക്കമില്ലാത്ത കുരങ്ങ്, വൃത്തികെട്ട
മുതലകൾ ശരിരത്തിൽപുളക്കുന്ന പുഴക്കള്, മണ്ണിൽമാളമുണ്ടാക്കുന്ന
അണ്ണാൻ കഴുത്ത് നിളമുള്ള ജിറാഫ് കുറുകുന്ന പുച്ചകൾ
എല്ലാത്തരം ജീവികളെയൂം ദൈവം ഉണ്ടാക്കി.




സന്ധ്യയായി, ഉഷസ്സുമായി ആറാം ദിവസം.



ആറാം ദിവസം വേറെ ചിലകാര്യങ്ങൾ ദൈവം ചെയ്തു. ഒരു പ്രത്യേകമായ കാര്യം മനുഷന്ന വേണ്ടിയുള്ള എല്ലാം ശരിയായി കഴിഞ്ഞു. ആവശ്യത്തിനുള്ള ഭക്ഷണം മനുഷ്യനെ സഹായിക്കുവനുള്ള മൃഗങ്ങൾ അനന്തരം ദൈവം നമ്മുടെ സ്വരൂപത്തിലും, സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കാം ഇങ്ങനെ ദൈവം ത ന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവസ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു.



ദൈവം ആദാമിനോട് കൽപ്പിച്ചു. തോട്ടത്തിലെ സകല വൃക്ഷത്തിന്റെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം; എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്നനാളിൽ നീ മരിക്കും.



ദൈവംപറഞ്ഞു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല,
അവനു തക്ക ഒരു തുണ ഉണ്ടാക്കികൊടുക്കും. ദൈവം സകല
മൃഗങ്ങളെയുംപക്ഷികളെയും പേരിടുവാനായി
ആദാമിന്റെ മുമ്പിൽ കൊണ്ടു വന്നു ആദാം
എല്ലാത്തിനും പേരിട്ടു ഇതു ചെയ്യുവാൻ
ആദാമിന് നല്ല ബുദ്ധിയുണ്ടായിരുന്നു
എന്നാൽഇതിൽഒന്നിലും
തനിയ്ക്ക് തുണയെ കണ്ടെത്തുവാ
ൻ കഴിഞ്ഞില്ല.





ദൈവം ആദാമിന് ഒരു
ഗാഢനിദ്രകൊടുത്തു
ഗാഢനിദ്രയിലായിരുന്ന
ആദാമിന്റെ വാരിയെല്ലുകളിൽ
ഒന്ന് എടുത്ത് ദൈവം സ്ത്രീയെ
ഉണ്ടാക്കി ദൈവം ഉണ്ടാക്കിയ
സ്ത്രീ ആദാമിന്
തക്കതുണയായി.

ആറു ദിവസം കൊണ്ടു ദൈവം സകലതും
ഉണ്ടാക്കിഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ചു
അത് വിശ്രമ ദിവസമായി എദെൻതോട്ടത്തിൽ
ആദാമും അവന്റെ ഭാര്യയായ ഹവ്വയും
സന്തോഷത്തോടെ ദൈവത്തെ അനുസരിച്ചു.
ദൈവം അവരുടെ കർത്താവും കരുതുന്നവനും
സ്നേഹിതനുമായിരുന്നു.



ദൈവം സകലതും സൃഷ്ടിച്ചപ്പോൾ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ഉൽപത്തി 1-2

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക്  വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച്  യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.
യോഹന്നാൻ 3:16